91/DGE/HSE/NSS/2021


പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
04712323023
dhsensskerala@gmail.com


തീയതി : 20.11.2021

# സർക്കുലർ

വിഷയം : 2021–22 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ വോളണ്ടിയർ തെരഞ്ഞെടുപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ

സൂചന : 1) 60/DGE/HSE/NSS 2021 തീയതി : 16.09.2021

2) 61/DGE/HSE/NSS 2021 തീയതി : 17.09.2021

3) 78/DGE/HSE/NSS 2021 തീയതി : 21.10.2021

1. സൂചന സർക്കുലർ 1 അനുസരിച്ച് ഒന്നാംവർഷ വിദ്യാർത്ഥികളുടെ അഡ്മിഷനെ തുടർന്ന് എൻ.എസ്.എസ്. ൽ ചേരാൻ താൽപര്യം പ്രകടിപ്പിച്ച വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച ഗൂഗിൾ ഫോമിന്റെ അടിസ്ഥാനത്തിൽ യൂണിറ്റുകളിലേക്ക് തിരികെത്തന്നിട്ടുള്ള ലിസ്റ്റിലുള്ള മുഴുവൻ വിദ്യാർത്ഥികൾക്കുമായി തെരഞ്ഞെടുപ്പ് പ്രക്രിയ സംഘടിപ്പിക്കേണ്ടതാണ്.

2. ഗൂഗിൾ ഫോമിൽ അപേക്ഷ സമർപ്പിക്കാത്ത വിദ്യാർത്ഥികൾ എൻ.എസ്.എസ്. ൽ അംഗമാകാൻ താൽപ്പര്യപ്പെടുന്നുണ്ടെങ്കിൽ അവരുടെ വിശദാംശങ്ങൾ യൂണിറ്റിന് ലഭ്യ മാക്കിയിരിക്കുന്ന ലിസ്റ്റിലെ അതേ ഫോർമാറ്റിൽ തുടർനമ്പരുകളായി ചേർത്ത് ആയ തിന്റെ സോഫ്റ്റ് കോപ്പി സൂചന രണ്ടിൽ പരാമർശിക്കുന്ന സാങ്കേതിക സഹായത്തി നായി ചുമതലപ്പെടുത്തിയിരിക്കുന്ന ജില്ലാ തല ഹെൽപ് ലൈൻ ചുമതലക്കാർ വഴി എൻ.എസ്.എസ്. സെല്ലിൽ എത്തിക്കേണ്ടതാണ്. ടി ലിസ്റ്റിന്റെ പ്രിന്റ് യൂണിറ്റിൽ ഫയൽ ചെയ്യേണ്ടതാണ്. ടി പ്രവർത്തനം പിഴവില്ലാതെ നടക്കുന്നുണ്ടെന്ന് ജില്ലാ/റീജിയണൽ കൺവീനർമാർ ഉറപ്പാക്കണം.

3. അപേക്ഷകരായി ലിസ്റ്റിലുള്ള മുഴുവൻ വിദ്യാർത്ഥികൾക്കുമായി ജനറൽ ഓറിയന്റേഷൻ നൽകണം.

   - എൻ.എസ്.എസ്. പ്രസ്ഥാനത്തെക്കുറിച്ച് ആമുഖം
   - എൻ.എസ്.എസ്. ന്റെ വിവിധ പ്രവർത്തനങ്ങൾ
   - എൻ.എസ്.എസ്. എന്ന സംഘടനയുടെ വിദ്യാഭ്യാസരംഗത്തുള്ള പ്രസക്തി

➢എൻ.എസ്.എസ്. വഴി വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന നേട്ടം മുതലയാവ.

ജനറൽ ഓറിയന്റേഷൻ വിദ്യാലയത്തിലെ പ്രോഗ്രാം ഓഫീസർ ആണ് നിർവ്വഹിക്കേണ്ടത്. (നിലവിലെ പ്രോഗ്രാം ഓഫീസർക്ക് ഓറിയന്റേഷൻ നൽകാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ ട്രെയിനിംഗ് ലഭിച്ച അടുത്തുള്ള വിദ്യാലയത്തിലെ പ്രോഗ്രാം ഓഫീസറുടെ സേവനം ലഭ്യമാക്കാവുന്നതാണ്.)

4. വിദ്യാർത്ഥികൾ രക്ഷകർത്താവിനോട് അനുവാദം വാങ്ങിയ ശേഷമേ വോളന്റിയർ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കേണ്ടതുള്ളൂ.

5. അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികൾക്കും തുല്യപരിഗണന നൽകണം.

6. അപേക്ഷിച്ചിട്ടുള്ള മുഴുവൻ വിദ്യാർത്ഥികളും ഉൾക്കൊള്ളുന്ന ലിസ്റ്റ് എൻ.എസ്.എസ്. നോട്ടീസ് ബോർഡിലും വിദ്യാലയത്തിന്റെ നോട്ടീസ് ബോർഡിലും പ്രദർശിപ്പിക്കേണ്ടതാണ്.

7. ഓരോ യൂണിറ്റും പ്രോഗ്രാം ഓഫീസർമാരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെ കണ്ടെത്തുവാനുള്ള വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണ്. വിദ്യാർത്ഥികളിലെ സാമൂഹ്യ സേവന പ്രവർത്തനത്തിനുള്ള താൽപര്യവും ആഭിമുഖ്യവും കണക്കിലെടുത്ത് തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

എ) എൻറോൾ ചെയ്യുന്നതിന് തൊട്ടുമുൻപുള്ള 7 ദിവസത്തെ അവരുടെ പ്രവർത്തനം വിലയിരുത്തി പ്രവർത്തന മികവ് പരിശോധിക്കേണ്ടതാണ്.

ബി) വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പ് പരമാവധി വസ്തുനിഷ്ഠമാകേണ്ടതാണ്. ഇതിനായി വിദ്യാർത്ഥികളുടെ സാമൂഹ്യബോധം, സേവനസന്നദ്ധത തുടങ്ങിയ മനോഭാവങ്ങളും കാഴ്ചപ്പാടുകളും പരിശോധിക്കുന്നതിനായി START Webinar സീരീസിലെ എല്ലാ സെഷനിലും പങ്കെടുത്തശേഷം ഏതെങ്കിലും രണ്ടെണ്ണത്തിന്റെ വെബിനാർ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ച് വിലയിരുത്തേണ്ടതാണ്.

സി) ഒരു Half day ശുചീകരണപ്രവർത്തനത്തിൽ പങ്കെടുപ്പിച്ചശേഷം അതിലെ 'ഇടപെടൽ' വിലയിരുത്തലിന് വിധേയമാക്കേണ്ടതാണ്.

ഡി) എൻ.എസ്.എസ്. എൻറോൾമെന്റിനുവേണ്ടി പ്രിൻസിപ്പൽ ചെയർമാനും പ്രോഗ്രാം ഓഫീസർ കൺവീനറും സീനിയർ അദ്ധ്യാപകൻ/അദ്ധ്യാപിക, പി.ടി.എ. പ്രസിഡന്റ് (അഭാവത്തിൽ പ്രതിനിധി) എന്നിവർ അംഗങ്ങളായ സെലക്ഷൻ കമ്മറ്റി സ്കൂൾ തലത്തിൽ രൂപീകരിക്കുകയും ടി കമ്മറ്റി വിദ്യാർത്ഥികളെ അഭിമുഖത്തിനു വിധേയമാക്കേണ്ടതുമാണ്.

ഇ) തിരഞ്ഞെടുപ്പിൽ 'tie' വന്നാൽ പ്ലസ് വൺ പ്രവേശന സമയത്ത് നീന്തൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയവർ, കലാരംഗത്ത് മികവ് തെളിയിച്ചവർ എന്നിവർക്ക് മുൻഗണന നൽകേണ്ടതാണ്.

എഫ്) മേൽപറഞ്ഞ അഞ്ച് ഇനങ്ങളുടെയും സ്കോർ രേഖപ്പെടുത്തിയ ലിസ്റ്റ് പ്രിൻസിപ്പൽ ഒപ്പുവെച്ച് നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പ്രോഗ്രാം ഓഫീസർ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. വോളന്റിയർ തിരഞ്ഞെടുപ്പ് സംബന്ധിച്ച് പരാതി ഉണ്ടാകുന്ന പക്ഷം പരിശോധനയക്ക് വിധേയമാക്കേണ്ടതുമാണ്.

8. എൻറോൾമെന്റ് നടപടികൾ പൂർത്തിയാക്കേണ്ട അവസാന തീയതി 2021 ഡിസംബർ 4 ആയിരിക്കും.

9. അപേക്ഷകരുടെ ലിസ്റ്റിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട വോളന്റിയർമാരെ ലിസ്റ്റു ചെയ്യാനും അതനുസരിച്ച് ഈ സർക്കുലറിൽ ചേർത്തിരിക്കുന്ന പ്രൊഫോർമ II,III എന്നിവ തയ്യാറാക്കുവാനും ജില്ലയിലെ എൻറോൾമെന്റ് ഹെൽപ് ഡെസ്കിന്റെ ചുമതലക്കാരുടെ സഹായം തേടാവുന്നതാണ് (സൂചന - 2).

10. വോളണ്ടിയർ തെരഞ്ഞെടുപ്പിന്റെ യൂണിറ്റ് തല ചുമതലയും/ഉത്തരവാദിത്വവും പൂർണ്ണമായും പ്രോഗ്രാം ഓഫീസറിൽ നിക്ഷിപ്തമാണ്.

11. പ്രോഗ്രാം ഓഫീസർമാർ വിവേചനം കൂടാതെ സത്യസന്ധമായും നീതിയുക്തമായും തെരഞ്ഞെടുപ്പ് നടത്തണം. വോളണ്ടിയേഴ്സ് തെരഞ്ഞെടുപ്പ് വേളയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യപരിഗണന നൽകണം.

12. സയൻസ്/കോമേഴ്സ്/ഹ്യുമാനിറ്റീസ് ബാച്ചുകൾക്ക് തുല്യ പരിഗണന നൽകണം. (വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ എൻറോൾമെന്റ് ലിസ്റ്റ് വകുപ്പ് തലത്തിൽ പരിശോധനയ്ക്കു വിധേയമാക്കുന്നതാണ്.

13. SC/ST, OBC/Minority/Girls എന്നിവരെ എൻ.എസ്.എസിൽ ചേരുവാൻ പ്രോത്സാഹനം നൽകണം. സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകളിൽ SC/ST വിദ്യാർത്ഥികളിൽ നിന്നും കഴിയുന്നതും ഫണ്ട് ഈടാക്കാത്ത രീതിയിൽ പി.ടി.എ. ഫണ്ട്/സി.എസ്.ആർ. ഫണ്ട്/ മറ്റു സർക്കാർ/പഞ്ചായത്ത് ഫണ്ട് എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്.

14. എൻറോൾമെന്റ് പൂർത്തിയാകുന്നതിനു മുമ്പായി അപേക്ഷ നൽകിയ വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളുടെ മീറ്റിങ്ങ് വിളിച്ച് എൻ.എസ്.എസ്. പ്രവർത്തനങ്ങൾ വിവരിക്കണം. ഒന്നാം വർഷവും രണ്ടാം വർഷവും 120 മണിക്കൂർ വീതം റെഗുലർ ആക്റ്റിവിറ്റിയിൽ പങ്കെടുക്കുന്നവർക്ക് മാത്രമേ എൻ.എസ്.എസ്. സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂവെന്നും, റെഗുലർ ആക്റ്റിവിറ്റിയുടെ ഭാഗമായി 70 മണിക്കൂർ ക്യാമ്പസിനു പുറത്ത് സാമൂഹ്യസേവനങ്ങളിൽ ഏർപ്പെടേണ്ടതുണ്ടെന്നും അറിയിക്കേണ്ടതാണ്. അവരുടെ സഹായം വിവിധതലത്തിൽ ആവശ്യപ്പെടാം. പ്രൊഫോർമ 4 രക്ഷകർത്താക്കൾക്ക് നൽകുകയും പൂരിപ്പിച്ച് വാങ്ങി യൂണിറ്റിൽ സൂക്ഷിക്കേണ്ടതും പരിശോധനാ വേളയിൽ ആവശ്യപ്പെടുകയാണെങ്കിൽ നൽകേണ്ടതുമാണ്.

15. സ്പെഷ്യൽ ക്യാമ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമായി വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും അറിവ് നൽകണം.

16. തെരഞ്ഞെടുക്കപ്പെട്ട 50 വോളണ്ടിയേഴ്സിന്റെ ലിസ്റ്റ് സ്കൂൾ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തണം. വെയിറ്റിങ്ങ് ലിസ്റ്റ് പാടില്ല.

17. തെരഞ്ഞെടുപ്പ് പൂർത്തിയായാൽ മാത്രമേ എൻറോൾമെന്റ് രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുവാൻ പാടുള്ളൂ. എൻറോൾമെന്റ് രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുന്നതിന് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ പകർപ്പ് വാങ്ങി കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

18. യൂണിറ്റ് തല സ്പെസിഫിക് ഓറിയന്റേഷൻ നടത്തുന്നതിനായി ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന അതാത് പെർഫോർമൻസ് അസെസ്സ്മെന്റ് കമ്മിറ്റി അംഗങ്ങളെ (PAC) ബന്ധപ്പെടേണ്ടതാണ്. പെർഫോർമൻസ് അസെസ്സ്മെന്റ് കമ്മിറ്റി അംഗങ്ങൾക്ക് മാത്രമേ സ്പെസിഫിക്ക് ഓറിയന്റേഷന്റെ ചുമതല നൽകിയിട്ടുള്ളൂ. സ്പെസിഫിക് ഓറിയന്റേഷൻ ഡിസംബർ 5 ന് ആരംഭിക്കുകയും 15 ന് അവസാനിപ്പിക്കുകയും ചെയ്യണം.

19. എൻറോൾമെന്റ് പൂർത്തിയായാൽ യൂണിറ്റ് തലത്തിൽ 2 (M+F) വോളണ്ടിയേഴ്സ് ലീഡറെ തെരഞ്ഞെടുക്കേണ്ടതാണ്. തികച്ചും നേതൃത്വപാടവം ഉള്ളവരെ മാത്രമേ ഇതിനായി പരിഗണിക്കാവൂ. അതോടൊപ്പം 5 സബ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും 5 ഗ്രൂപ്പ് ലീഡർമാരെ തെരഞ്ഞെടുക്കുകയും വേണം. യൂണിറ്റ് തലത്തിൽ തിരഞ്ഞെടുക്കുന്ന രണ്ടു ലീഡർമാരെ ആണ് എൻ.എസ്.എസ്. സെൽ നടത്തുന്ന ലീഡർഷിപ്പ് ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്. പകരം ആരെയും അനുവദിക്കുന്നതല്ല.

20. യൂണിറ്റ് തല Advisory Committee വിളിച്ച് പ്രവർത്തന രൂപരേഖ തയ്യാറാക്കാം.

21. രണ്ടാഴ്ചയിൽ ഒരിക്കലെങ്കിലും വോളന്റിയർമാർ ലീഡറുടെ നേതൃത്വത്തിൽ യോഗം ചേരുകയും പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദീകരിക്കുയും ചർച്ച ചെയ്യുകയും വേണം.

22. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം എൻ.എസ്.എസ്. റീജിയണൽ ഡയറക്ടറേറ്റ് നൽകിയ ഫോർമാറ്റുകൾ ഇതോടൊപ്പം ചേർക്കുന്നു. ഇവ ക്രോഡീകരിച്ച് മൂന്ന് ഫോർമാറ്റുകൾ പ്രോഗ്രാം കോഡിനേറ്റർക്ക് ഡിസംബർ 5 ന് മുൻപായി ജില്ലാ കൺവീനർ മുഖാന്തിരം ലഭ്യമാക്കേണ്ടതാണ്.

പ്രൊഫോർമ III ഒരു പേജിൽത്തന്നെ രണ്ടുപുറങ്ങളിലായി പ്രിന്റ് എടുത്ത് നൽകേണ്ടതാണ്.

23. വാരാവസാന പ്രവൃത്തി ദിനത്തിലും സാധാരണ ദിവസങ്ങളിൽ പഠന സമയത്തിനു ശേഷവും യൂണിറ്റ്തല പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

**<u>സ്വാശ്രയ എൻ.എസ്.എസ്. യൂണിറ്റുകൾ</u>**

ഒന്നും രണ്ടും വർഷങ്ങളിലെ വോളണ്ടിയർമാരിൽ നിന്നും റഗുലർ ആക്റ്റിവിറ്റി ഫണ്ടായി 250/- രൂപ മാത്രമേ വാങ്ങാൻ പാടുള്ളൂ. രണ്ടാം വർഷ വിദ്യാർത്ഥികളിൽ നിന്നും സ്പെഷ്യൽ ക്യാമ്പിനത്തിൽ തുക വാങ്ങാത്ത യൂണിറ്റുകൾ 450/- രൂപ ടി ഇനത്തിൽ വാങ്ങാവുന്നതാണ്. ടി തുകകൾ ദേശസാൽകൃതബാങ്കിൽ സേവിങ്ങ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് എന്ന് പ്രിൻസിപ്പൽമാർ ഉറപ്പാക്കേണ്ടതാണ്.

ഡോ. ജേക്കബ് ജോൺ
പ്രോഗ്രാം കോ-ഓർഡിനേറ്റർ

**PERFORMA I**

## NSS ENROLMENT PROFORMA (AT UNIT LEVEL)

Name of the School..........................................................................

Name of the Directorate ....................................................................

Unit No ...........................................................................................

Affix Passport Size photo

| | | |
|---|---|---|
| 01. | Name of the Volunteer | |
| 02. | Father/Guardian's Name | |
| 03. | Father/Guardian's Phone | |
| 04. | Sex | Male ☐ Female ☐ |
| 05. | Date of Birth | |
| 06. | Class in which studying | |
| 07. | Community | General ☐ SC ☐ ST ☐ |
| 08. | Residential Address | |
| | | |
| 09. | Blood group | |
| 10. | Height (Cms) | Weight kg. |
| 11. | Mobile Number | |
| 12. | E-mail ID | |
| 13. | Cultural Talents (specify) | |
| 14. | Hobbies | |

## DECLARATION

I ...................................... hereby agree to obey all the rules and regulations of National Service Scheme and work imbibing the spirit of the Scheme.

Date :

Place : Signature of the Volunteer

For office use only

Date of Enrolment :

Enrolement No :

Remarks if any :

**PERFORMA -II**

## PROFORMA FOR SUBMISSION OF ENROLMENT PARTICULARS OF NSS TO THE PROGRAMME CO-ORDINATOR

Name of the School............................................................................................................

Unit Number......................................................................................................................

Name of the Programme Officer .....................................................................................

Mobile Number .................................................................................................................

E-Mail ID ...........................................................................................................................

| Sl. No | Particulars | SC | | ST | | OC | | Total | |
|---|---|---|---|---|---|---|---|---|---|
| | | M | F | M | F | M | F | M | F |
| 01. | No.of Volunteers newly enrolled in NSS (Ist year) | | | | | | | | |
| 02. | No. of Volunteers continued in NSS (2nd year) | | | | | | | | |
| | Total | | | | | | | | |

Signature of Programme Officer

## NSS ENROLMENT REGISTER

## YEAR ...................

| Sl. No | Enrol-ment No. | Date of Enrolemt | Name of the Volunteer (in Block letters) | Male/ Female | SC/ST/ OC | Date of Birth | Class | Blood Group | Cultural Talents |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

Signature of the Programme Officer
(With date & seal)

Signature of the Principal
(With date & seal)

**PERFORMA -IV**

## സമ്മതപത്രം

എന്റെ മകൻ/മകൾ ...................................................................... എൻ.എസ്.എസ്. വോളണ്ടിയറാകാൻ താൽപര്യമുണ്ടെന്നും, എൻ.എസ്.എസ്. വോളണ്ടിയറായി തെരഞ്ഞെടുക്കുകയാണെങ്കിൽ ഒന്നാം വർഷവും രണ്ടാം വർഷവും 120 മണിക്കൂർ വീതം റെഗുലർ ആക്റ്റിവിറ്റിയിൽ പങ്കെടുക്കണമെന്നും ക്യാമ്പസിനു പുറത്ത് സംഘടിപ്പിക്കുന്ന സപ്തദിന സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുക്കണമെന്നും റെഗുലർ ആക്റ്റിവിറ്റിയുടെ ഭാഗമായി 70 മണിക്കൂർ ക്യാമ്പസിനു പുറത്ത് സാമൂഹ്യസേവനങ്ങളിൽ ഏർപ്പെടേണ്ടതുണ്ടെന്നും എനിക്ക് ബോധ്യപ്പെട്ടിട്ടുള്ളതും മേൽപറഞ്ഞ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് എനിക്ക് സമ്മതവുമാണ്.

സ്ഥലം :

തീയതി :

പേര് :

ഒപ്പ് :

(അച്ഛൻ/അമ്മ/രക്ഷകർത്താവ്)